# ഭരണഘടന (നൂറ്റിനാലാം ഭേദഗതി) ആക്റ്റ്, 2019

ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു.

1. ***ചുരുക്കപ്പേരും പ്രാരംഭവും.***.- (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റിനാലാം ഭേദഗതി) ആക്റ്റ്, 2019 എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 25-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. ***334-ാം അനുച്ഛേദത്തിന്റെ ഭേദഗതി.***- ഭരണഘടനയുടെ 334-ാം അനുച്ഛേദത്തിൽ,-

(ക) മാർജിനൽ ശീർഷകത്തിനു പകരം, താഴെ പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:-

"സ്ഥാനങ്ങളുടെ സംവരണവും പ്രത്യേക പ്രാതിനിധ്യവും നിശ്ചിത കാലയളവിനു ശേഷം ഇല്ലാതാകുമെന്ന്";

(ഖ) (ക)-യും (ഖ)-യും ഖണ്ഡങ്ങൾക്കു ശേഷമുള്ള, ദീർഘ വരിയിൽ "എഴുപത് വർഷത്തെ" എന്ന വാക്കുകൾക്ക് പകരം, "(ക) ഖണ്ഡം സംബന്ധിച്ച് എൺപത് വർഷത്തെയും (ഖ) ഖണ്ഡം സംബന്ധിച്ച് എഴുപത് വർഷത്തെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.